ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 05.08.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. ത്രിരാഷ്ട്ര സന്ദർശനത്തിൻറെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു ഫിജിയിലെത്തി. വിവിധ ഉഭയകക്ഷി ചർച്ചകളിൽ രാഷ്ട്രപതി പങ്കെടുക്കും.

   **President Droupadi Murmu arrived the Republic of Fiji as part of 3-nation visit. The President will participate in various bilateral meetings**

2. പാർലമെൻറിൻറെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാന നിരക്കിലെ അമിത വർദ്ധനയിൽ സർക്കാർ അടിയന്തിരമായി ഇടപെടണമെന്ന് കോൺഗ്രസ് എംപി ജബി മേത്തർ രാജ്യസഭയിൽ.

   **The proceedings began in the two houses of Parliament. Congress MP from Kerala, Jebi Mather Hisham, said in Rajya Sabha that the government must pay immediate attention to the issue of steep rise in airfares to Gulf countries.**

3. വയനാട് ഉരുൾപൊട്ടൽ മേഖലയിൽ കാണാതായവർക്കായുള്ള തെരച്ചിൽ ഏഴാം ദിവസത്തിലേക്ക്. ദുരിത ബാധിതരുടെ പുനരധിവാസമുൾപ്പെടെയുള്ള വിഷയങ്ങൾ മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള യോഗം വിലയിരുത്തി

   **In Kerala, search operations for those missing from the landslide ravaged Wayanad enters the seventh day. The meeting chaired by Chief Minister reviewed various issues including the rehabilitation of the affected.**

4. കര നാവിക വ്യോമ സേനകളുടെ സംയുക്ത സാമ്പത്തിക സമ്മേളനത്തിന് ന്യൂഡൽഹിയിൽ തുടക്കം.

   **Tri-Service Financial Conference began in New Delhi today.**

5. പാരിസ് ഒളിമ്പിക്സിൽ മെഡൽ പ്രതീക്ഷയുമായി ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ ഇന്നിറങ്ങും –.

   **In Olympics, India's LakshyaSen will compete today for the bronze medal in Men's single Badminton**

## PREZ- VISIT (INTRO)

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ ഭാഗമായി രാഷ്ട്രപതി ദ്രൗപദി മുർമു ഫിജിയിലെത്തി. ഫിജിക്ക് പുറമെ ന്യൂസിലൻഡ്, തിമോർ ലെസ്റ്റെ എന്നീ രാജ്യങ്ങളാണ് രാഷ്ട്രപതി സന്ദർശിക്കുന്നത്.

(ഒരു റിപ്പോർട്ട്)

ഫിജി തലസ്ഥാനമായ സുവയിൽ രാഷ്ട്രപതി ഉഭയകക്ഷി ചർച്ചയിൽ പങ്കെടുക്കും. ഫിജിയൻ പാർലമെൻററിനെയും അഭിസംബോധന ചെയ്യും. തുടർന്ന് ന്യൂസിലാൻഡിലെത്തുന്ന രാഷ്ട്രപതി വിവിധ യോഗങ്ങളിൽ പങ്കെടുക്കും. വെല്ലിംഗ്ടണിൽ ഒരു അന്താരാഷ്ട്ര വിദ്യാഭ്യാസ സമ്മേളനത്തെയും ശ്രീമതി മുർമു അഭിസംബോധന ചെയ്യും. ഓക് ലൻഡിൽ ഇന്ത്യൻ സമൂഹവുമായും രാഷ്ട്രപതി സംവദിക്കും. സന്ദർശനത്തിൻറെ അവസാന ഘട്ടത്തിൽ തിമോർ ലെസ്റ്റെയിൽ എത്തുന്ന രാഷ്ട്രപതി തലസ്ഥാന നഗരമായ ഡിലിയിൽ ഉഭയകക്ഷി യോഗങ്ങൾ നടത്തും. തിമോറിലെ ഇന്ത്യൻ സമൂഹവുമായും ശ്രീമതി ദ്രൗപദി മുർമു സംവദിക്കും. ഫിജി തലസ്ഥാനമായ സുവയിൽ രാഷ്ട്രപതി ദ്രൗപദി മുർമു ഇന്ന് വിവിധ ഉഭയ കക്ഷി ചർച്ചയിൽ പങ്കെടുക്കും.

ന്യൂസ് ഡെസ്ക് ആകാശവാണി...

## PARLIAMENT TODAY

പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. രാജ്യസഭയിലെ ശൂന്യവേളയിൽ വിവിധ വിഷയങ്ങളാണ് എം പിമാർ ഉന്നയിച്ചത്. ഗൾഫ് രാജ്യങ്ങളിലേക്കുള്ള വിമാന നിരക്ക് വൻതോതിൽ വർദ്ധിച്ചതായി കേരളത്തിൽ നിന്നുള്ള കോൺഗ്രസ് എംപി ജബി മേത്തർ ഉന്നയിച്ചു. സാധാരണക്കാർക്ക് താങ്ങാവുന്നതിലും അധികമാണ് ഇതെന്നും സർക്കാർ വിഷയത്തിൽ അടിയന്തിരമായി ഇടപെടണമെന്നും അവർ പറഞ്ഞു. ബംഗ്ലാദേശിൽ നിന്ന് പശ്ചിമബംഗാളിലേക്ക് എത്തുന്ന അഭയാർത്ഥികളുടെ വിഷയം ആശങ്കാജനകമാണെന്ന് ബിജെപി എംപി സമിക് ഭട്ടാചാര്യ അറിയിച്ചു.

## LS- RURAL CREDIT

ഗ്രാമീണ മേഖലയ്ക്കു നൽകിയ ധനസഹായങ്ങളിൽ വലിയ തോതിൽ വർധന ഉണ്ടായതായി കേന്ദ്ര ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി. 2014ൽ 7.3 ലക്ഷം കോടി രൂപ നൽകിയിരുന്നത് 2024ൽ 25.46 ലക്ഷം കോടിയായി വർധിപ്പിച്ച തായും അദ്ദേഹം ലോക്സഭയിൽ രേഖാമൂലം അറിയിച്ചു. കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതിക്കു കീഴിൽ 4.26 ലക്ഷം കോടി രൂപയുടെ കാർഷിക വായ്പകൾ നൽകിയിരുന്ന സ്ഥാനത്ത് ഇത് 9.82 ലക്ഷം കോടിയായി ഉയർത്തിയതായും അദ്ദേഹം പറഞ്ഞു.

## WAYANAD

വയനാട് ഉരുൾപൊട്ടൽ നടന്ന മുണ്ടക്കൈ, ചൂരൽമല പ്രദേശത്ത് കാണാതായവർക്കായുള്ള തെരച്ചിൽ ഏഴാം ദിവസത്തിലേക്ക് കടന്നു. കാലാവസ്ഥ അനുകൂലമായതിനെ തുടർന്ന് കൂടുതൽ പ്രദേശങ്ങളിൽ തെരച്ചിൽ നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചാലിയാറിന്റെ ഭാഗങ്ങൾ കേന്ദ്രീകരിച്ചും തെരച്ചിൽ ഊർജ്ജിതമാക്കിയിട്ടുണ്ട്. പരിശോധന കാര്യക്ഷമമാക്കാൻ മീററ്റിൽ നിന്ന് കൂടുതൽ സൈനികരെയും പ്രത്യേക പരിശീലനം നേടിയ നാല് നായകളെയും എത്തിക്കാനും തീരുമാനിച്ചിട്ടുണ്ട്. തിരച്ചിൽ പുരോഗതി വിലയിരുത്തുന്നതിനായി മുഖ്യമന്ത്രി പിണറായി വിജയന്റെ നേതൃത്വത്തിൽ ഇന്ന് രാവിലെ ഓൺലൈനായി യോഗം ചേർന്നു. ദുരിത ബാധിതരുടെ പുനരധിവാസം, അതിജീവനം തുടങ്ങിയ വിഷയങ്ങൾ യോഗം ചർച്ച ചെയ്യും.

## K. RAJAN

വയനാട്ടിൽ രക്ഷാപ്രവർത്തനം ഊർജിതമായി തുടരുകയാണെന്ന് മന്ത്രി കെ. രാജൻ. തിരിച്ചറിയാത്ത 31 മൃതദേഹങ്ങളും 158 ശരീരഭാഗങ്ങളും ഇന്ന് ഉച്ചയ്ക്ക് പുത്തുമലയിൽ സംസ്കരിക്കുമെന്നും അദ്ദേഹം ചൂരൽമലയിൽ മാധ്യമങ്ങളോടു പറഞ്ഞു. ബന്ധുക്കൾക്ക് മൃതദേഹം കാണാൻ ഉച്ചവരെ അവസരമുണ്ടാകും. അതേസമയം, ദുരന്തബാധിത മേഖലയിലെ കുട്ടികളുടെ തുടർ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി നാളെ വയനാട് സന്ദർശിക്കും.

## CDS-CONFERENCE

കര നാവിക വ്യോമ സേനകളുടെ സംയുക്ത സാമ്പത്തിക സമ്മേളനം ന്യൂഡൽഹിയിൽ ആരംഭിച്ചു. സംയുക്ത സൈനിക മേധാവി ജനറൽ അനിൽ ചൗഹാനാണ് സമ്മേളനത്തിന് അധ്യക്ഷത വഹിക്കുന്നത്. സായുധ സേനകളിലെ ഏകീരണവും സഹകരണവും ലക്ഷ്യമിട്ടുള്ളതാണ് സമ്മേളനം. പ്രതിരോധ മേഖലയിലെ പങ്കാളികളുടെ കാഴ്ചപ്പാടുകൾ മനസിലാക്കുക, പ്രതിരോധ സംഭരണത്തിൽ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം കണ്ടെത്തുക തുടങ്ങിയ വിഷയങ്ങൾ സമ്മേളനത്തിൽ ചർച്ചയാകും.

## REV. PUNE ZIKA

മഹാരാഷ്ട്രയിലെ പൂനെയിൽ ഏഴ് പേർക്ക് കൂടി സീക്കാ വൈറസ് സ്ഥിരീകരിച്ചു. ഇതിൽ അഞ്ചു പേർ ഗർഭിണികളും മറ്റു രണ്ടു പേർ 18ഉം 40 ഉം വയസുള്ള വ്യക്തികളുമാണ്. പൂനെ ജില്ലയിൽ ആകെ 72 പേർക്കാണ് ഇതുവരെ സീക്ക രോഗബാധ സ്ഥിരീകരിച്ചത്.

## AMOEBIC FEVER

കേരളത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഒരാൾക്ക് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. നെയ്യാറ്റിൻകര പ്ലാവറത്തലയിൽ അനീഷിനാണ് രോഗബാധ സ്ഥിരീകരിച്ചത്. ഇയാളുടെ സുഹൃത്ത് മെഡിക്കൽ കോളേജിൽ ചികിത്സയിലിരിക്കെ ദിവസങ്ങൾക്ക് മുൻപ് മരിക്കുകയും പരിശോധനയിൽ മസ്തിഷ്ക ജ്വരമാണെന്ന് കണ്ടെത്തുകയും ചെയ്തിരുന്നു. കുളത്തിൽ കുളിച്ചതിനു ശേഷമാണ് കടുത്ത പനി തുടങ്ങിയതെന്ന വിവരം കണക്കിലെടുത്ത് ആരോഗ്യ വകുപ്പ് വെള്ളത്തിന്റെ സാംപിൾ പരിശോധനയ്ക്ക് അയച്ചു. ഇതേ കുളത്തിൽ ഇറങ്ങിയവരിൽ മൂന്ന് പേർക്കു കൂടി സമാന ലക്ഷണങ്ങളുള്ളതായി റിപ്പോർട്ട് സൂചിപ്പിക്കുന്നു.

## IMD

നാഗാലാൻറ്, മണിപ്പൂർ, മിസോറാം, ത്രിപുര, പശ്ചിമബംഗാൾ, സിക്കിം സംസ്ഥാനങ്ങളിൽ ഇന്ന് അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കൊങ്കൺ, ഗോവ, മധ്യ മഹാരാഷ്ട്ര, പടിഞ്ഞാറൻ രാജസ്ഥാൻ, കിഴക്കൻ ഉത്തർപ്രദേശ് സംസ്ഥാനങ്ങളിൽ അടുത്ത രണ്ട് ദിവസം ഇടത്തരം മഴയ്ക്കും സാധ്യതയുണ്ട്. പഞ്ചാബ്, ഹരിയാന, ചണ്ഢീഗഢ്, ഡൽഹി എന്നിവിടങ്ങളിൽ ഒരാഴ്ച വരെ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്നും മുന്നറിയിപ്പുണ്ട്. പശ്ചിമ ബംഗാളിൽ കനത്ത മഴയിൽ ജലനിരപ്പ് ഉയർന്നതിനെ തുടർന്ന് ദുർഗാപൂർ ബാരേജിൽ നിന്ന് വെള്ളം തുറന്ന് വിട്ട സാഹചര്യത്തിൽ നദിയുടെ കരകളിലുള്ളവരെ സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറ്റി. ഫെറി സർവീസും നിർത്തി. ദാമോദർ നദി കരകവിഞ്ഞതിനെ തുടർന്ന് 5,570 ഹെക്ടർ കൃഷി നശിച്ചു. നിരവധി വീടുകളും റോഡുകളും തകർന്നിട്ടുണ്ട്.

## RAIN

സംസ്ഥാനത്ത് ഇന്ന് ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത യെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. വയനാട് ഉൾപ്പടെയുള്ള ആറു ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള, തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ ഉയർന്ന തിരമാലക്ക് സാധ്യതയുള്ളതിനാൽ മത്സ്യ ത്തൊഴിലാളികളും തീരദേശവാസികളും പ്രത്യേക ജാഗ്രത പാലിക്കണ മെന്നും മുന്നറിയിപ്പുണ്ട്.

## J and K

ജമ്മുകശ്മീരിലെ അഖ്നൂർ, സുന്ദർബാനി മേഖലയിൽ ഉണ്ടായ സംശയാ സ്പദമായ നീക്കത്തെ തുടർന്ന് യഥാർത്ഥ നിയന്ത്രണ രേഖയിൽ സൈന്യം വെടിയുതിർത്തു. പ്രദേശത്ത് രണ്ട് സംഘം നുഴഞ്ഞുകയറ്റക്കാരെ കണ്ടെത്തിയ സാഹചര്യത്തിലാണ് സൈന്യം വെടിയുതിർത്തത്. മേഖലയിൽ ജാഗ്രത കർശനമാക്കി. തിരച്ചിൽ ശക്തമാക്കിയതായും സൈന്യം അറിയിച്ചു.

## AMARNATH YATRA-SUSPEND

ജമ്മു കശ്മീരിൽ, സുരക്ഷാ കാരണങ്ങളാൽ അമർനാഥ് യാത്ര ഒരു ദിവസത്തേക്ക് നിർത്തിവച്ചു. അനുച്ഛേദം 370 റദ്ദാക്കിയതിന്റെ അഞ്ചാം വാർഷികമാണ് ഇന്ന്. ഭഗവതി നഗർ ബേസ് ക്യാമ്പിൽ നിന്നുള്ള രഹസ്യാന്വേഷണ വിവരം കണക്കിലെടുത്താണ് യാത്ര താൽക്കാലികമായി നിർത്തിവച്ചത്. അഖ്നൂറിലും ജമ്മുവിലെ മറ്റ് അതിർത്തി പ്രദേശങ്ങളിലും സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. ദിനാഘോഷങ്ങളുടെ ഭാഗമായി ആർ.എസ് പുരയിൽ ബിജെപി സംഘടിപ്പിക്കുന്ന റാലിയിൽ കേന്ദ്രമന്ത്രി ജി. കിഷൻ റെഡ്ഡി മുഖ്യാതിഥിയാകും. അതിനിടെ, കേദാർനാഥിൽ കുടുങ്ങിയ കുട്ടികളും രോഗബാധിതരുമടങ്ങിയ 94 പേരെ ദേശീയ ദുരന്ത പ്രതികരണ സേന രക്ഷപ്പെടുത്തി. വ്യോമസേന ഹെലികോപ്റ്റർ ഉപയോഗിച്ചായിരുന്നു രക്ഷാ ദൗത്യം.

# PARIS OLYMPICS

പാരിസ് ഒളിമ്പിക്സിലെ ബാഡ്മിൻറൺ പുരുഷ സിംഗിൾസിൽ ഇന്ത്യയുടെ ലക്ഷ്യ സെൻ വെങ്കല മെഡൽ പോരാട്ടത്തിനായി ഇന്നിറങ്ങും. വിജയിച്ചാൽ പുരുഷ ഷട്ടിലിൽ ഒളിമ്പിക് മെഡൽ നേടുന്ന ആദ്യ ഇന്ത്യക്കാരനാകും ലക്ഷ്യ സെൻ. ടേബിൾ ടെന്നീസ് വനിതകളുടെ 16-ാം റൗണ്ടിൽ ഇന്ത്യൻ ടീം ഇന്ന് മത്സരിക്കും. അത്ലറ്റിക്സ് വനിതകളുടെ 400 മീറ്റർ മത്സരത്തിൽ കിരൺ പാഹൽ മത്സരിക്കും. ഷൂട്ടിങ് സ്കീറ്റ് മിക്സഡ് ഇനത്തിൽ അനന്ത് ജീത് സിങ്ങും മഹേഷശ്വരി ചൗഹാനും ഇന്നിറങ്ങും. ഇന്നലെ നടന്ന ഹോക്കി മത്സരത്തിൽ ബ്രിട്ടനെ പെനാൽറ്റി ഷൂടൗട്ടിൽ 4-2 ന് പരാജയപ്പെടുത്തി ഇന്ത്യൻ പുരുഷ ഹോക്കി ടീം സെമിഫൈനലിൽ പ്രവേശിച്ചിരുന്നു.

# SENSEX

രാജ്യത്തെ ഓഹരി വിപണികളിൽ വൻ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 2,309 പോയിന്റ് ഇടിഞ്ഞ് 78,654 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 694 പോയിന്റ് നഷ്ടത്തിൽ 24,022 ലുമാണ് വ്യാപാരം തുടരുന്നത്.

സ്വർണ്ണ വിലയിൽ മാറ്റമില്ല. ഗ്രാമിന് 6,470 രൂപയും പവന് 51,760 രൂപയുമാണ് ഇന്നത്തെ വില.

## BANGLADESH-CURFEW

ബംഗ്ലാദേശിലെ വിദ്യാർത്ഥി പ്രക്ഷോഭങ്ങളിൽ ഇതുവരെ 13 പോലീസുകാരുൾപ്പെടെ 90 ഓളം പേർക്ക് ജീവഹാനി. പ്രക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ രാജ്യത്ത് പ്രഖ്യാപിച്ച കർഫ്യൂ തുടരുകയാണ്. അതേസമയം ഇന്ന് പ്രക്ഷോഭകാരികൾ ധാക്കയിലേക്ക് മാർച്ച് നടത്തുന്നുണ്ട്. ഇന്നുമുതൽ ബുധനാഴ്ച വരെ ബംഗ്ലാദേശിൽ സർക്കാർ പൊതു അവധി പ്രഖ്യാപിച്ചു. ഇൻറർനെറ്റ് സേവനങ്ങൾക്കും വിലക്ക് ഏർപ്പെടുത്തി. അനുനയ ചർച്ചയ്ക്കുള്ള സർക്കാരിന്റെ ക്ഷണം പ്രതിഷേധക്കാർ നിരസിച്ചിരുന്നു. ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന രാജിവയ്ക്കണമെന്നാണ് ആവശ്യം. പ്രക്ഷോഭത്തിൻറെ പശ്ചാത്തലത്തിൽ ഇന്ത്യൻ പൗരന്മാർക്ക് എംബസി ജാഗ്രതാ നിർദേശം നൽകി. ഇന്ത്യാക്കാർ എംബസിയുമായി നിരന്തരം സമ്പർക്കം പുലർത്തണമെന്നും ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നത് വരെ ബംഗ്ലാദേശിലേക്ക് യാത്ര ചെയ്യരുതെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

## US WARNS - IRAN-ISRAEL

ഇസ്രായേലിനെതിരെ ഇറാന്റെയും ഹിസ്ബുള്ളയുടെയും ആക്രമണം ഉണ്ടാകാനുള്ള സാധ്യതയുണ്ടെന്ന് യുഎസ് സ്റ്റേറ്റ് സെക്രട്ടറി ആൻ്ററണി ബ്ലിങ്കെൻ G7 വിദേശകാര്യ മന്ത്രിമാർക്ക് മുന്നറിയിപ്പ് നൽകിയതായി റിപ്പോർട്ട്. ഹമാസ് നേതാവ് ഇസ്മായിൽ ഹനിയേയും ഹിസ്ബുള്ള കമാൻഡർ ഫുആദ് ഷുക്കറിൻ്റെയും വധത്തെ തുടർന്നാണ് ആക്രമണ സാധ്യത പ്രതീക്ഷിക്കുന്നത്. അതേസമയം ഏതു സാഹചര്യവും നേരിടാൻ തയ്യാറാണെന്ന് ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പറഞ്ഞു.